**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:T1097** **05.03.2018 ൽ മറുപടിയ്ക്ക്**

**ദേവികുളം, ഉടുമ്പൻചോല താലൂക്കുകളിലെ പട്ടയ നടപടികൾ**

**ചോദ്യം**
**ശ്രീ.എസ്.രാജേന്ദ്രൻ**

**മറുപടി**
**ശ്രീ.ഇ. ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)**

| | | |
|---|---|---|
| (എ) | ദേവികുളം താലൂക്കിലെ കെ.ഡി.എച്ച്, മാങ്കുളം, വട്ടവട, ഉടുമ്പൻചോല താലൂക്കിലെ ചിന്നക്കനാൽ എന്നീ വില്ലേജുകളിൽ പട്ടയ നടപടികൾ സ്വീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ)യും (ബി)യും (സി) യും കെ.ഡി.എച്ച്. വില്ലേജിൽ Kannan Devan Hills (Resumption of Lands) Act 1971 പ്രകാരവും Kannan Devan Hills (Reservation and Assignment of Vested Lands) Rules, 1977 പ്രകാരവും ഉള്ള നടപടികൾ പാലിച്ചാണ് പട്ടയ നടപടികൾ സ്വീകരിക്കുന്നത്. അതിനായി കൈവശക്കാരുൾപ്പെടെയുള്ളവരിൽ നിന്നും പതിവിനായി അപേക്ഷകൾ സ്വീകരിക്കുന്നുണ്ട്. മാങ്കുളം വില്ലേജിൽ പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതും ആദ്യഘട്ടമായി 17/2/2017 ന് അടിമാലിയിൽവച്ചു നടന്ന പട്ടയമേളയിൽ 34 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുള്ളതുമാണ്. വട്ടവട വില്ലേജിൽ പട്ടയനടപടികൾ ആരംഭിച്ചിട്ടുള്ളതും കൈവശക്കാരിൽ നിന്ന് അപേക്ഷകൾ സ്വീകരിച്ചു വരുന്നുമുണ്ട്. വ്യാപകമായ കയ്യേറ്റങ്ങളുടെയും നിയമവിരുദ്ധമായ ഭൂവിനിയോഗത്തിന്റെയും പശ്ചാത്തലത്തിൽ മൂന്നാർ മേഖലയിൽ നടന്ന ഒഴിപ്പിക്കൽ നടപടികൾക്കു ശേഷം ഉടുമ്പഞ്ചോല താലൂക്കിലെ ചിന്നക്കനാൽ വില്ലേജിൽ പട്ടയനടപടികൾ സ്വീകരിച്ചിട്ടില്ല. |
| (ബി) | ഉണ്ടെങ്കിൽ ഇതിന്മേൽ നടപടി എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ; | |
| (സി) | ഇല്ലെങ്കിൽ പട്ടയ നടപടികൾ ഉടൻ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ